DESPATCHED
On. 20/9/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 184(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 3414/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 സെപ്റ്റംബർ 16**

ശ്രീ. പ്രസാദ് ബി.,
കുളത്തിങ്കൽ വീട്,
പി.ഒ. പുള്ളോട്,
ആലത്തൂർ, പാലക്കാട് – 678 545. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (എഫ് സെക്ഷൻ),
താലൂക്ക് ഓഫീസ്,
ആലത്തൂർ, പാലക്കാട്.

2) അപ്പീൽ അധികാരി &
തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്, ആലത്തൂർ. — എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 11.05.2022–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, ശ്രീ. പ്രസാദ് ബി., 29.11.2021 തീയതി രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയ്ക്ക് 29.12.2021–ന് മറുപടി നൽകിയിരുന്നു എന്നും മേൽപ്പടി തീയതിയിൽ മറുപടി നൽകിയെങ്കിലും ഡെസ്പാച്ച് രജിസ്റ്റർ പ്രകാരം 1.1.2022 തീയതിയിലാണ് കത്ത് പോസ്റ്റ് ഓഫീസിൽ നൽകിയിട്ടുള്ളതെന്നും ശ്രീ. ബാലസുബ്രഹ്മണ്യനുമായി ബന്ധപ്പെട്ട വിവരമാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും മറുപടിയിൽ തെറ്റായി ബാലകൃഷ്ണൻ എന്ന് എഴുതി പോയത് ഗൗരവമായ തെറ്റായി ബോധ്യപ്പെടുകയും ആയത് മാപ്പാക്കണമെന്നുമാണ്. മേലിൽ പരാതിക്കിടനൽകാതെ പ്രവർത്തിക്കുന്നതാണെന്നും സംഭവിച്ചുപോയ പിഴവുകൾ

മന:പൂർവ്വം ഉണ്ടായതല്ലായെന്നും, ആയതിൻമേൽ മാപ്പാക്കി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ രേഖകളും 20.5.2022 തീയതി അയച്ചു നൽകിയിട്ടുണ്ടെന്നുമാണ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്നത്.

2. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, ആലത്തൂർ താലൂക്ക് ഓഫീസിലെ അപ്പീൽ അധികാരി ആയി 30.6.2020–ന് ചുമതലയേറ്റതിന് ശേഷം ഇതുവരെയും അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും, എല്ലാ അപേക്ഷകളും സമയപരിധിക്കുള്ളിൽ തീർപ്പാക്കി ഉത്തരവ് നൽകിയിട്ടുള്ളതുമാണെന്നും ഈ അപ്പീൽ അപേക്ഷയുമായി ബന്ധപ്പെട്ട സംഭവങ്ങൾ നടന്നിട്ടുള്ളത് 2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിലും അപ്പീൽ തീർപ്പാക്കിയത് 2022 മാർച്ച് മാസത്തിലുമായിരുന്നു എന്നാണ്. അപ്പീൽവാദി യഥാസമയം ഹാജരാകാതിരുന്നതിനാലാണ് അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകാൻ വൈകിയതെന്നും, മേൽ സംഭവിച്ച വീഴ്ച ഭാവിയിൽ ഉണ്ടാകുകയില്ലെന്നും ബോധിപ്പിക്കുന്നു എന്നും വന്നുപോയ പിഴവിന് മാപ്പ് നൽകി ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നുമാണ്.

3. മേൽപ്പടി വിശദീകരണങ്ങളും നേരിൽ കേട്ട വേളയിൽ എതിർകക്ഷികൾ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട എതിർകക്ഷികൾ തങ്ങൾക്കു സംഭവിച്ച വീഴ്ചയിൽ കമ്മീഷൻ മുമ്പാകെ മാപ്പപേക്ഷിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, ഭാവിയിൽ ഇത്തരം വീഴ്ച സംഭവിക്കരുതെന്നും, വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് എതിർകക്ഷികൾക്കെതിരെയുള്ള നടപടി കമ്മീഷൻ അവസാനിപ്പിക്കുന്നു

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM